Draft #1 of File 91501/AC A1-3/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jun-2021 02:25 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മംഗളം കോളേജ് ഓഫ് എഡ്യൂക്കേഷൻ, ഏറ്റുമാനൂർ (സ്വാശ്രയം) - ബി. എഡ് പ്രോഗ്രാമിന് 2021-22 അധ്യയനവർഷം മുതൽ ഒരു യൂണിറ്റ് (50 സീറ്റ്) അധിക ബാച്ച് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധനാ സമിതിയെ നിയമിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 2990/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.06.2021

---

*പരാമർശം:*-1.ഏറ്റുമാനൂർ മംഗളം കോളേജ് ഓഫ് എഡ്യൂക്കേഷൻ മാനേജർ സമർപ്പിച്ചിട്ടുള്ള കത്ത് നമ്പർ : MCE/MGUF3/26/2020 തീയതി 30.12.2020.

2. 28.05.2021 തീയതിയിൽ ബഹു.ചാൻസലർക്ക് സമർപ്പിച്ച കത്ത് നമ്പർ : 82628 / ACA1-3/2021/VC SECTION

3. 17.06.2021 തീയതിയിലെ, ചാൻസലറുടെ സെക്രട്ടേറിയറ്റ് നോട്ടിഫിക്കേഷൻ നമ്പർ : GS5-1371/2021.

4. 29.06.2021 തീയതിലെ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ കൺവീനറുടെ ശിപാർശ .

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജായ ഏറ്റുമാനൂർ മംഗളം കോളേജ് ഓഫ് എഡ്യൂക്കേഷൻ നടത്തപ്പെടുന്ന ബി. എഡ്. പ്രോഗ്രാമിന് 2021-22 അധ്യയനവർഷം മുതൽ ഒരു യൂണിറ്റ് (50 സീറ്റ്) അധിക ബാച്ച് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടി കോളേജ് മാനേജർ പരാമർശം (1) പ്രകാരം നിശ്ചിത ഫീസടച്ച് സ്റ്റാറ്റ്യൂട്ടറി തീയതിക്ക് ശേഷം അപേക്ഷ സമർപ്പിച്ചിരുന്നു.

സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കുന്നതിനായി പരാമർശം(2) പ്രകാരം ബഹു.ചാൻസലർക്ക് കത്ത് നൽകിയിരുന്നു.

ബഹു.ചാൻസലറുടെ ഓഫീസിൽ നിന്നും ലഭിച്ച പരാമർശം (3) ആയ നോട്ടിഫിക്കേഷൻ പ്രകാരം, ഏറ്റുമാനൂർ മംഗളം കോളേജ് ഓഫ് എഡ്യൂക്കേഷൻ നടത്തപ്പെടുന്ന ബി. എഡ്. പ്രോഗ്രാമിന് 2021-22 അധ്യയനവർഷം മുതൽ ഒരു യൂണിറ്റ് (50 സീറ്റ്) അധിക ബാച്ച് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവകലാശാലയിൽ അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കിക്കൊണ്ട് സിൻഡിക്കേറ്റിന് ടി അപേക്ഷ പരിഗണിക്കുന്നതിനുള്ള അവസാന തീയതി 30.06.2021 വരെ നീട്ടി നൽകിയിരുന്നു.

ആയതിൻ പ്രകാരം ഏറ്റുമാനൂർ മംഗളം കോളേജ് ഓഫ് എഡ്യൂക്കേഷൻ നടത്തപ്പെടുന്ന ബി.

എഡ്. പ്രോഗ്രാമിന് 2021-22 അധ്യയനവർഷം മുതൽ ഒരു യൂണിറ്റ് (50 സീറ്റ്) അധിക ബാച്ച് ആരംഭിക്കുന്നതിനാവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. എ. ജോസ് (സിൻഡിക്കേറ്റംഗം), ഡോ.ഷൈജു ഫ്രാൻസിസ് അസിസ്റ്റൻറ് പ്രൊഫസർ, സെൻറ് ജോസഫ്സ് ട്രെയിനിംഗ് കോളേജ്, മാന്നാനം (വിഷയ വിദഗ്ധൻ) എന്നിവരെ പരിശോധനാസമിതി ആയി നിയമിക്കാൻ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ കൺവീനർ , പരാമർശം(4) പ്രകാരം ശുപാർശ ചെയ്തു.

ടി ശുപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17)പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ചു 29.06.2021 തീയതിയിൽ വൈസ് ചാൻസലർ അംഗീകരിച്ചു.

കോളേജ് പ്രിൻസിപ്പൽ പരിശോധന തീയതി നിശ്ചയിക്കുന്നതിനായി പരിശോധനാ സമിതി അംഗങ്ങളെ സമീപിക്കേണ്ടതാണ്. അതുപോലെ പരിശോധന ഫീസിനത്തിൽ 6300/- രൂപ ഓൺലൈനായി സർവ്വകലാശാലയിൽ അടയ്ക്കേണ്ടതുമാണ്.

പരിശോധനാ സമിതി പരിശോധന നടത്തിയതിനുശേഷം, റിപ്പോർട്ട് എത്രയും പെട്ടെന്ന് സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫോറത്തിൽ പ്രത്യേക ശുപാർശകളോടെ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.മാനേജർ, മംഗളം കോളേജ് ഓഫ് എഡ്യൂക്കേഷൻ ഏറ്റുമാനൂർ
2. ഡോ. എ . ജോസ് (സിൻഡിക്കേറ്റംഗം)
3. ഡോ.ഷൈജു ഫ്രാൻസിസ് . അസിസ്റ്റൻറ് പ്രൊഫസർ, സെൻറ് ജോസഫ്സ് ട്രെയിനിംഗ് കോളേജ്,മാന്നാനം.
4.വി.സി/ പി.വി.സി എന്നിവരുടെ പി എസ്
5.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ
6.എ സി എ 1/ എ സി സി 1 /എ സി സി 2 / എഡിബി 6/ ഓഡിറ്റ് 5
7.പി.ആർ.ഒ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്/ഐ.ക്യൂ .എ. സി
8.സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി / റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

Draft #1 of File 91501/AC A1-3/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jun-2021 02:25 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സെക്ഷൻ ഓഫീസർ

Draft #1 of File 91501/AC A1-3/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jun-2021 02:25 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം